# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1081** **05.03.2020 -ൽ മറുപടിയ്ക്ക്**

## പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്ന പദ്ധതികളുടെ പുരോഗതി

ചോദ്യം

**ശ്രീ.പി.ടി.എ. റഹീം**
**ശ്രീ.ജെയിംസ് മാത്യു**
**ശ്രീ.ആർ. രാജേഷ്**
**ശ്രീ.കെ.ഡി. പ്രസേനൻ**

**ഉത്തരം**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്രനിലവാരത്തിലെത്തിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്; പൊതുവിദ്യാലയങ്ങളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും തെരഞ്ഞെടുത്ത സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനും പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.സർക്കാർ,എയ്ഡഡ് സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കുകയും പ്രൈമറി വിഭാഗം വിദ്യാലയങ്ങളി ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടിരൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 30 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 185 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 96 സ്കൂളുകളുടെ നിർമ്മാണം |

ആരംഭിക്കുകയും അതിൽ 18 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| ബി) | പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) | കെ.ഇ.ആറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഓഫീസർമാർ സ്കൂൾ സന്ദർശിക്കുന്നുണ്ട്. വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ ഡയറ്റ് ഫാക്കൽറ്റി, എസ്.എസ്.കെ പ്രോഗ്രാം ഓഫീസർമാർ എന്നിവരും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരും അക്കാദമിക മോണിറ്ററിംഗിന്റെ ഭാഗമായാണ് സ്കൂൾ സന്ദർശിക്കുന്നത്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള മെന്ററിംഗ് പരിപാടിയുടെ ഭാഗമായ സഹിതത്തിനായി വികസിപ്പിച്ചിട്ടുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം അക്കാദമിക മോണിറ്ററിംഗിനെയും അതുവഴി പൊതുവിദ്യാലയങ്ങളിലെ ഗുണനിലവാരം മോണിറ്റർ ചെയ്യുന്നതിനും സഹായകമാകുന്നുണ്ട്. പ്രൈമറി ക്ലാസുകളിൽ ഗുണനിലവാരം വിലയിരുത്തുന്നതിന് നിലവിലുള്ള അക്കാദമിക മോണിറ്ററിംഗ് കൂടാതെ ഡിജിറ്റൽ പോർട്ടൽ ഏർപ്പെടുത്തി വിലയിരുത്തി വരുന്നു. |
| സി) | അദ്ധ്യാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കായി പരിശീലന പരിപാടികളും ശില്പശാലകളും സംഘടിപ്പിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | സി) | ഐ.ടി., ഐ.സി.ടി.അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്.ക്ലാസ് റൂം വിനിമയം ഫലപ്രദമായി നടത്തുന്നതിനായി സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ് മുറികൾ വിദ്യാലയങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്. ഓരോ കുട്ടിയുടെയും കഴിവുകൾ അനന്യമാണ് എന്ന തിരിച്ചറിവോടെ അക്കാദമിക ഇടപെടലുകൾ നടത്താൻ പ്രാപ്തമാകും വിധമാണ് അദ്ധ്യാപക പരിശീലനങ്ങളുടെ ഉള്ളടക്കം നിശ്ചയിക്കുന്നത്. കൂടാതെ ടാലന്റ് ലാബ് എന്ന ആശയവും നടപ്പിലാക്കിവരുന്നുണ്ട്. സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികളെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ ലക്ഷ്യമിട്ട് അദ്ധ്യാപകർക്ക് വേണ്ടി പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. ഹയർസെക്കന്ററി |

തലത്തിൽ എച്ച്.എസ്.റ്റി.റ്റി.പി, പുതിയ അദ്ധ്യാപകർക്ക ഇൻഡക്ഷൻ ട്രെയിനിംഗ്, അദ്ധ്യാപകർക്ക് വിദൂര വിദ്യാഭ്യാസ മാതൃകയിലും ഓൺലൈൻ പ്ലാറ്റ് ഫോമിലും അദ്ധ്യാപക പരിവർത്തന പരിപാടി എന്നിവ നടപ്പിലാക്കി വരുന്നു.

ഡി) പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മോണിറ്ററിംഗിനായി വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡി) ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനവും പഠന ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ്സ് ,ഐറ്റി, ക്ലബ്ബുകൾ, അദ്ധ്യാപകർക്കും വിദ്യർത്ഥികൾക്കും പ്രത്യേക പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്രപഠന വിഭവ പോർട്ടലിൽ അദ്ധ്യാപകർ സമർപ്പിക്കുന്ന പാഠാസൂത്രണങ്ങൾ നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തലുകൾ നിർദ്ദേശിക്കുന്നതിനും പ്രഥമാദ്ധ്യാപകർക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ പ്രതിഫലന കുറിപ്പുകൾ നിരീക്ഷിക്കുന്നതിന് സമഗ്രയിലെ അവരുടെ ഉപയോഗം വിലയിരുത്തുന്നതിനും വിദ്യാഭ്യാസ ഓഫീസർമാർക്ക് അവരവരുടെ സമഗ്ര ലോഗിനിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ